**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6021** **09-07-2024 - ൽ മറുപടിയ്ക്ക്**

**മലപ്പുറം സഹകരണ സ്പിന്നിംഗ് മില്ലിൽ സഹകരണ നിയമം സെക്ഷൻ 80 നടപ്പാക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വ്യവസായ വകുപ്പിന് കീഴിലെ മലപ്പുറം സഹകരണ സ്പിന്നിംഗ് മിൽ ലാഭകരമാക്കുന്നതിന് നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമെന്നുമുള്ള വിശദാംശം നൽകുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മലപ്പുറം സഹകരണ സ്പിന്നിംഗ് മില്ലിൽ, ആധുനികവൽക്കരണ പദ്ധതി നടപ്പിലാക്കി പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഓട്ടോകോണർ, എൽ.എം.ഡബ്ല്യൂ. സിംപ്ലക്സ് മെഷീനുകൾ എന്നിവ സ്ഥാപിച്ചു.<br><br>മില്ലിന്റെ ആധുനികവൽക്കരണത്തിനായി 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ യഥാക്രമം 175 ലക്ഷം രൂപ, 160 ലക്ഷം രൂപ എന്നിങ്ങനെ റിലീസ് ചെയ്തു നൽകിയിട്ടുണ്ട്.<br><br>2023-24 സാമ്പത്തിക വർഷം ടെക്സ്ഫെഡിന്റെ കീഴിലുള്ള സഹകരണ സ്പിന്നിംഗ് മില്ലുകളുടെ പുനരുദ്ധാരണത്തിനുള്ള സമഗ്ര പദ്ധതിയിൻ കീഴിൽ മലപ്പുറം സഹകരണ സ്പിന്നിംഗ് മില്ലിന് അസംസ്കൃത വസ്തുവായ പരുത്തി വാങ്ങുന്നതിനായി 59.145 ലക്ഷം രൂപയും റിലീസ് ചെയ്തു നൽകിയിട്ടുണ്ട്. കൂടാതെ, പ്രസ്തുത പദ്ധതിയിൽ കീഴിൽ കോട്ടൺ ബോർഡ് മുഖേന പരുത്തി വാങ്ങുന്നതിലേക്കായി 2024-25 സാമ്പത്തിക വർഷം 150 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയുടെ ഭാഗമായുള്ള നൂൽ ഉല്പാദനവും വിതരണവും നിലവിൽ പ്രസ്തുത മിൽ നടത്തി വരുന്നു. |
| (ബി) | പ്രസ്തുത മില്ലിൽ അംഗീകൃത ജീവനക്കാർക്ക് സഹകരണ നിയമം 80 എന്ന് മുതലാണ് നടപ്പിലാക്കിയിട്ടുള്ളത്; നടപ്പിലാക്കിയിട്ടില്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ ; വിശദാംശം നൽകാമോ; | (ബി) | പ്രസ്തുത മില്ലിൽ സഹകരണ നിയമം 80 നടപ്പിലാക്കിയിട്ടില്ല. മലപ്പുറം സഹകരണ സ്പിന്നിംഗ് മിൽ ഉൾപ്പെടെയുള്ള സ്പിന്നിംഗ് മില്ലുകളിൽ സെക്ഷൻ 80 നടപ്പിലാക്കുന്നത് സംബന്ധിച്ച വിഷയത്തിന്മേൽ നയപരമായ തീരുമാനം എടുക്കുന്നതിനായി കൈത്തറി ഡയറക്ടറോട് കൂടുതൽ വിവരങ്ങൾ സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. |

| | | | |
|---|---|---|---|
| | | | കൂടാതെ, പ്രസ്തുത മില്ലിൽ സെക്ഷൻ 80 നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് മില്ലിലെ സംയുക്ത ട്രേഡ് യൂണിയനുകൾ പരാതി സമർപ്പിച്ചിട്ടുണ്ട്. ഈ വിഷയം പരിശോധിച്ച് വരുന്നു |
| (സി) | 29.02.16- ലെ സ. ഉ (സാധാ) നം.226/16 എന്ന ഉത്തരവ് മലപ്പുറം സഹകരണ സ്പിന്നിംഗ് മില്ലിൽ നടപ്പിലാക്കിയിട്ടുണ്ടോ; പ്രസ്തുത ഉത്തരവ് നടപ്പിലാക്കാത്തത് സംബന്ധിച്ച് എന്തെങ്കിലും കേസുകൾ ഹൈക്കോടതിയിൽ നിലവിലുണ്ടോ; വിശദാംശം നൽകുമോ; | (സി) | 29.02.2016 തീയതിയിലെ സ.ഉ(സാധാ)നം. 226/16 ഉത്തരവ് പ്രകാരം സംസ്ഥാനത്തെ സഹകരണ മില്ലുകളിൽ കേരള സംസ്ഥാന സഹകരണ നിയമത്തിലെ വകുപ്പ് 80 നടപ്പിലാക്കുന്നതിന്റെ ഭാഗമായി മില്ലുകളെ സ്പിൻഡിൽ കപ്പാസിറ്റിയുടെ അടിസ്ഥാനത്തിൽ 4 വിഭാഗമായി തരം തിരിക്കുകയുണ്ടായി. അതോടൊപ്പം ഓരോ വിഭാഗത്തിലേയും സ്റ്റാഫ് സ്ട്രംങ്ത്തും നേരിട്ടുള്ള നിയമനം /പ്രമോഷൻ എന്നിവയ്ക്കുള്ള യോഗ്യത, മുൻ പരിചയം, തസ്തിക എന്നിവയും സ്പിൻഡിൽ കപ്പാസിറ്റിക്ക് അനുസരിച്ച് ശമ്പള സ്കെയിലും അംഗീകരിച്ച് ഉത്തരവായിരുന്നു.<br><br>ഈ ഉത്തരവിനനുസൃതമായി മലപ്പുറം സഹകരണ സ്പിന്നിംഗ് മില്ലിലെ സ്റ്റാഫ് സ്ട്രംങ്ത് അംഗീകരിച്ചും ശമ്പളം പരിഷ്കരിച്ചും 16/03/2024 ൽ കൈത്തറി ഡയറക്ടർ നടപടിക്രമം പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>പ്രസ്തുത ഉത്തരവ് മില്ലിൽ നടപ്പിലാക്കാത്തത് സംബന്ധിച്ച് ഹൈക്കോടതിയിൽ കേസുകൾ നിലവിലുള്ളതായി കാണുന്നില്ല. എന്നാൽ സഹകരണ സ്പിന്നിംഗ് മില്ലുകളിൽ സഹകരണ നിയമം 80 നടപ്പിലാക്കാത്തതുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ WP(C) 18643/18 കേസ് നിലവിലുണ്ട്. |
| (ഡി) | പ്രസ്തുത ഉത്തരവ് എന്നത്തേക്ക് നടപ്പിലാക്കാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ ? | (ഡി) | 29.02.2016 തീയതിയിലെ സ.ഉ(സാധാ)നം. 226/16 ഉത്തരവ് പ്രകാരം സംസ്ഥാനത്തെ സഹകരണ മില്ലുകളിൽ കേരള സംസ്ഥാന സഹകരണ നിയമത്തിലെ വകുപ്പ് 80 നടപ്പിലാക്കുന്നതിന്റെ ഭാഗമായി മില്ലുകളെ സ്പിൻഡിൽ കപ്പാസിറ്റിയുടെ അടിസ്ഥാനത്തിൽ 4 വിഭാഗമായി തരം തിരിക്കുകയുണ്ടായി. അതോടൊപ്പം ഓരോ വിഭാഗത്തിലേയും സ്റ്റാഫ് സ്ട്രംങ്ത്തും നേരിട്ടുള്ള നിയമനം /പ്രമോഷൻ എന്നിവയ്ക്കുള്ള യോഗ്യത, മുൻ പരിചയം, തസ്തിക എന്നിവയും സ്പിൻഡിൽ കപ്പാസിറ്റിക്ക് അനുസരിച്ച് ശമ്പള സ്കെയിലും അംഗീകരിച്ച് ഉത്തരവായിരുന്നു.<br><br>ഈ ഉത്തരവിനനുസൃതമായി മലപ്പുറം സഹകരണ സ്പിന്നിംഗ് മില്ലിലെ സ്റ്റാഫ് സ്ട്രംങ്ത് അംഗീകരിച്ചും ശമ്പളം പരിഷ്കരിച്ചും 16/03/2024 ൽ കൈത്തറി ഡയറക്ടർ നടപടിക്രമം പുറപ്പെടുവിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പ്രസ്തുത ഉത്തരവ് മില്ലിൽ നടപ്പിലാക്കാത്തത് സംബന്ധിച്ച് ഹൈക്കോടതിയിൽ കേസുകൾ നിലവിലുള്ളതായി കാണുന്നില്ല. എന്നാൽ സഹകരണ സ്പിന്നിംഗ് മില്ലുകളിൽ സഹകരണ നിയമം 80 നടപ്പിലാക്കാത്തതുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ WP(C) 18643/18 കേസ് നിലവിലുണ്ട് |

സെക്ഷൻ ഓഫീസർ